**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2408** **30-09-2025 - ൽ മറുപടിയ്ക്ക്**

**ജിഡ (ജി. ഐ. ഡി. എ.) ധന സഹായത്തോടെയുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ 43 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള കടമക്കുടി- പിഴല പാലത്തിനെ മൂലമ്പിള്ളി പാലവുമായും കടമക്കുടി- ചാത്തനാട് പാലവുമായും ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് നിർമ്മാണത്തിന് 200 കോടിയോളം രൂപ ചെലവ് വരും എന്ന കാരണത്താൽ കിഫ്ബി മാറ്റി വയ്ക്കാൻ തീരുമാനിച്ചതിനെ തുടർന്ന് എം. എൽ. എ. കിഫ്ബിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിളിച്ച് ചേർത്ത യോഗതീരുമാന പ്രകാരം അടിയന്തരമായി നിർമ്മാണം ആരംഭിക്കുവാൻ നിർദേശിക്കപ്പെട്ടിട്ടുള്ള ജി. ഐ. ഡി. എ. (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെ ധനസഹായത്തോടെയുള്ള അനുബന്ധ റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ജിഡ ധന സഹായത്തോടെ വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന അനുബന്ധ റോഡുകൾ ചുവടെ ചേർക്കുന്നു.<br><br>1. പിഴല 350 മീറ്റർ റോഡ്<br><br>2. കടമക്കുടി സൗത്ത് റോഡ്<br><br>3. കടമക്കുടി നോർത്ത് റോഡ്<br><br>4. പിഴല പാലിയംതുരുത്ത് റോഡ്<br><br>5. പിഴല 550 മീറ്റർ റോഡ് |
| (ബി) | പ്രസ്തുത റോഡുകൾ എത്ര മീറ്റർ വീതിയിലാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഓരോ റോഡുകളും വീതി കൂട്ടുന്നതിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത റോഡുകൾ 9 മീറ്റർ വീതിയിലാണ് വീതി കൂട്ടാൻ ഉദ്ദേശിക്കുന്നത്.<br>ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം ചുവടെ ചേർക്കുന്നു.<br><br>1. പിഴല 350 മീറ്റർ റോഡ്- നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.<br><br>2. കടമക്കുടി സൗത്ത് റോഡ് - 61.84 ആർ.<br><br>3. കടമക്കുടി നോർത്ത് റോഡ് - ഫേസ് 1 - 17.37 ആർ, ഫേസ് II - അലൈൻമെന്റ് അന്തിമമായിട്ടില്ല.<br><br>4. പിഴല - പാലിയംതുരുത്ത് റോഡ് -ഫേസ്- 1 - 31.54 ആർ, ഫേസ് - II - അലൈൻമെന്റ് അന്തിമമായിട്ടില്ല.<br><br>5. പിഴല 550 മീറ്റർ റോഡ് - 27.11ആർ. |

| | | | |
|---|---|---|---|
| (സി) | ടി അനുബന്ധ റോഡുകളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ സ്ഥലമേറ്റെടുക്കലിന് ഡയറക്ട് പർച്ചേസിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച ഐ.എ.3/92/2025/എൽ. എസ്. ജി. ഡി. നമ്പർ ഫയലിന്റേയും അനുബന്ധ ഫയലുകളുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | പിഴല - പാലിയംതുരുത്ത് ഒന്നാം ഘട്ടം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് 24/09/2025-ലെ സ.ഉ (സാധാ)നം.2328/2025/തസ്വഭവ ഉത്തരവ് പ്രകാരം ജിഡ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവായിരുന്നു. മറ്റ് ഫയലുകളിൽ അനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത ഫയലുകളിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | പിഴല - പാലിയംതുരുത്ത് ഒന്നാം ഘട്ടം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് 24/09/2025-ലെ സ.ഉ (സാധാ)നം.2328/2025/തസ്വഭവ ഉത്തരവ് പ്രകാരം ജിഡ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവായിരുന്നു. മറ്റ് ഫയലുകളിൽ അനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ഇ) | നിർമ്മാണം പൂർത്തിയായിട്ടുള്ള വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ വലിയ കടമക്കുടി ഭാഗത്തെ കടമക്കുടി നോർത്ത്, കടമക്കുടി സൗത്ത് അനുബന്ധ റോഡുകളുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ടി റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | **കടമക്കുടി സൗത്ത് റോഡ്** നിർമ്മാണത്തിനുള്ള DPR തയ്യാറാക്കുന്നതിന് INKEL എന്ന ഏജൻസിക്കു നൽകിയിട്ടുണ്ട്.<br><br>**കടമക്കുടി നോർത്ത് റോഡ് -** അലൈൻമെന്റ് അന്തിമമായി തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ